# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.241          10.03.2017-ൽ മറുപടിക്ക്**

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ആന്റണി ജോൺ | പ്രൊഫ : സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ; | എ) ഗുണമേന്മയുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ). ആർ.എം.എസ്.എ പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്<br>1. സെക്കണ്ടറി വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി 5 കിലോമീറ്ററിനുള്ളിൽ ഹൈസ്ക്കൂളുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.<br>2. എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000/-രൂപ വീതം സ്കൂൾ ഗ്രാന്റായി അനുവദിക്കുക.<br>3. ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനേയും ആയമാരേയും നിയമിക്കുക. അവർക്ക് വിവിധ അലവൻസുകൾ നൽകുക<br>4. സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപകർക്കും സ്പെഷ്യൽ ടീച്ചേഴ്സിനും 10 ദിവസത്തെ ഇൻ- സർവ്വീസ് ട്രെയിനിംഗ് നൽകുക. മാസ്റ്റർ ട്രെയിനേഴ്സിനുള്ള ട്രെയിനിംഗ് നൽകുക.<br>5. ഡി.ഇ.ഒ, എച്ച്.എം., എസ്.എം.ഡി.സി മെമ്പേഴ്സ് എന്നിവർക്ക് ട്രെയിനിംഗ് നൽകുക.<br>6. സയൻസ് എക്സിബിഷൻ/ പുസ്തകമേള, പഠനയാത്ര എന്നിവ സംഘടിപ്പിക്കുക.<br>7. സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകം ട്രെയിനിംഗ് നൽകുകയും ആവശ്യമായ കിറ്റുകൾ |

| | |
|---|---|
| | നൽകുകയും ചെയ്യുക.<br>8. പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ആയോധന കലകളിൽ പരിശീലനം നൽകുക. സഹവാസ ക്യാമ്പുകൾ നടത്തുക.<br>9. കലാ ഉത്സവ് സംഘടിപ്പിക്കുക, സ്പോർട്ട്സ് കിറ്റ് നൽകുക.<br>10. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പരിഹാരബോധനം നൽകുക.<br>11. കായികാദ്ധ്യാപകർക്ക് യോഗാപരിശീലനം നൽകുക.<br>12. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആരോഗ്യവിദ്യാഭ്യാസവും ജീവിത നൈപുണികളുടെ വികസനവും നൽകുക.<br>13. തെരഞ്ഞെടുത്ത 86 സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.<br>14. തൃശ്ശൂരിലെ ചാലക്കുടിയിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ സ്ഥാപിക്കുക |
| ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രസ്തുത പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനായി കേന്ദ്ര സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ; | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 2017-18 അദ്ധ്യയന വർഷത്തിൽ പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്ന തിനായി കേന്ദ്രസർക്കാരിൽ നിന്ന് താഴെ പറയുന്ന പദ്ധതികളാണ് ആവശ്യപ്പെട്ടി രുന്നത്.<br>1 ആർ.എം.എസ്.എ.യുടെ പ്രവർത്തനം ഹയർസെക്കന്ററിയിലും വ്യാപിപ്പിക്കുക<br>2) ആർ.എം.എസ്.എ ഫണ്ട് സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിലും അനുവദിക്കുക<br>3) വിദ്യാർത്ഥികൾക്ക് ശാസ്ത്ര തത്വങ്ങൾ ആഴത്തിൽ പഠിക്കുവാനും, പഠിച്ചവ നിത്യജീവിതത്തിൽ പ്രയോഗിക്കാനുമായി 14 സ്കൂളുകളിൽ Hands on Ideal Lab എന്ന പദ്ധതിക്ക് അംഗീകാരം ആവശ്യപ്പെട്ടു<br>4) സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യാൻ പദ്ധതി സമർപ്പിച്ചു<br>5) തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കായി Let us Dream Higher എന്ന പദ്ധതി സമർപ്പിച്ചു.<br>6) സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി സമർപ്പിച്ചു |

| | |
|---|---|
| | 7) എല്ലാ ഹയർ സെക്കന്ററി സ്കൂളുകൾക്കും 50,000 രൂപ വീതം സ്കൂൾ ഗ്രാന്റ് നല്കുക<br>8) ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനെയും ആയമാരേയും നിയമിക്കുക<br>9) സെക്കന്ററി തലത്തിലുള്ള അദ്ധ്യാപകർ, സ്പെഷ്യൽ ടീച്ചേഴ്സ്, ഡി.ഇ.ഒ, ഹെഡ്മാസ്റ്റർ, എസ്.എം.ഡി.സി അംഗങ്ങൾ എന്നിവർക്ക് പരിശീലനം നല്കുക<br>10) ഡിജിറ്റൽ ടെക്സ്റ്റ് ബുക്കും അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലനവും നല്കുക<br>11) കുട്ടികൾക്കായി ടാലന്റ് സെർച്ച് മത്സരം സംഘടിപ്പിക്കുക<br>12) വിദ്യാർത്ഥികൾക്കായി തൊഴിൽ സംരംഭകത്വ പരിശീലനം നല്കുക, കലാ ഉത്സവ് സംഘടിപ്പിക്കുക, ആയോധന കലകളിൽ പരിശീലനം നല്കുക.<br>13) ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുക |
| സി) സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തു-ന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | ചോദ്യം (എ) യുടെ മറുപടിയിൽ പറയുന്ന പദ്ധതികൾക്ക് പുറമേ, 2017-18 വർഷത്തിൽ 4 സ്കൂളുകളിൽ Ideal Lab പദ്ധതിയും, വിദ്യാർത്ഥികളുടെ തൊഴിൽ സംരംഭകത്വ പദ്ധതിയ്ക്കായി 82 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ